ഉത്തരം

(എ-സി) സ്ഥലവും കെട്ടിടവും ലഭിക്കുന്ന മുറയ്ക്ക് മാത്രമേ അതിനുവേണ്ട തസ്തികകൾ സൃഷ്ടിച്ച് ഫയർസ്റ്റേഷൻ ആരംഭിക്കുവാൻ സാധിക്കൂ.

വെള്ളിമാട് കുന്നിൽ പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷൻ

90 (746)ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെള്ളിമാട് കുന്നിൽ പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷൻ ഇപ്പോൾ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ നിന്നും മാറ്റണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സർക്കാർ കൈക്കൊണ്ടത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ഉദ്യോഗസ്ഥരുടെ ഹോസ്റ്റലിനോട് ചേർന്നുള്ള 20 സെന്റ് സ്ഥലം ഫയർഫോഴ്സ് വകുപ്പിനു കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പി.എസ്.സി മുഖേന നൽകിയ തൊഴിലുകൾ

91 (747)ശ്രീ. എം. നാരായണൻ(കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി മുഖാന്തരം 2000 മെയ് 31 വരെ വിവിധ തസ്തികകളിൽ എത്ര പേർക്ക് തൊഴിൽ നല്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദ വിവരം നൽകുമോ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2000 മെയ് 31 വരെ 77052 പേരെ നിയമനത്തിനായി പി.എസ്.സി ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു

തിരുവനന്തപുരം സംസ്ഥാന ഓഫീസ്	-	22092
തിരുവനന്തപുരം ജില്ലാ ഓഫീസ്	-	6851
കൊല്ലം	-	4122
പത്തനംതിട്ട	-	2356
ഇടുക്കി	-	2214
കോട്ടയം	-	3010
ആലപ്പുഴ	-	2261
എറണാകുളം	-	4101

LIBRARY ARCHIVES Kerala Legislative Assembly